Lalith babu

# പരാതിയുടെ പകർപ്പ്

ഒരു കുടുംബത്തിലെ അംഗങ്ങൾ അവരുടെ സ്വത്ത് ഭാഗിച്ചപ്പോൾ ഒരു വ്യക്തിക്ക് ലഭിച്ച സ്ഥലത്തേക്കുള്ള വഴി അയാളുടെ സഹോദരൻ തടസ്സപ്പെടുത്തി. ഇതിനെതിരെ അയാൾ ഒരു പരാതി സമർപ്പിച്ചിരുന്നു. ഇപ്പോൾ ആ പരാതിയുടെ പകർപ്പ് വഴി തടസ്സപ്പെടുത്തിയ സഹോദരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇങ്ങനെയുള്ള പരാതിയുടെ പകർപ്പ് നൽകേണ്ടതുണ്ടോ

സർ

ഒരാൾക്ക് എതിരെ ഒരു പരാതി സമർപ്പിക്കപ്പെടുമ്പോൾ ആ പരാതി എന്താണെന്നറിയാനുള്ള അവകാശം പരാതിക്ക് വിധേയനായ വ്യക്തിക്കുണ്ട്. ആയതിനാൽ പകർപ്പ് നൽകാം (എന്നാൽ ഇപ്രകാരം വിവരങ്ങൾ നൽകിയാൽ അത് വകുപ്പ് 8 ന്റെ ലംഘനം ആയിത്തീരുമെങ്കിൽ അത് നൽകേണ്ടതില്ല ). ഇവിടെ വഴി തടസ്സപ്പെടുത്തിയതു സംബന്ധിച്ചുള്ള പരാതിയായതിനാൽ പകർപ്പ് നൽകാം

ഭൂസ്വത്തുക്കൾ എത്ര ഭാഗങ്ങളാക്കി വിവിധ വ്യക്തികൾക്ക് കൈവശം കിട്ടിയാലും ഓരോരുത്തർക്കും അവരവരുടെ സ്ഥലത്തേക്ക് പോകുന്നതിനുള്ള ഒരു വഴി അവകാശം നിയമപ്രകാരം ലഭിക്കുന്നു